# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2209 | 11/03/2020-ൽ മറുപടിക്ക്

### ഉയരമുള്ള വൈദ്യുത പോസ്റ്റുകൾ സ്ഥാപിക്കുന്നതിന് നടപടി

| | ചോദ്യം<br><br>ശ്രീ.ആർ. രാജേഷ് | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മാവേലിക്കര നിയോജക മണ്ഡലത്തിൽ കിഫ്ബി തുക അനുവദിച്ച് നിർമ്മിക്കുന്ന പുതിയകാവ് - കറ്റാനം റോഡിലും കല്ലുമല - ബുദ്ധ ജംഗ്ഷൻ റോഡിലും വൈദ്യുത പോസ്റ്റുകൾ ഉയർത്തി സ്ഥാപിക്കേണ്ടത് പരിശോധിച്ചിട്ടുണ്ടോ; | (എ) | പൊതുമരാമത്തുവകുപ്പിന്റെ ആവശ്യാർത്ഥം പുതിയകാവ് - കറ്റാനം, കല്ലുമല - ബുദ്ധ ജംഗ്ഷൻ എന്നീ റോഡുകളിൽ പരിശോധന നടത്തുകയും മാവേലിക്കര, കറ്റാനം എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളിൽ നിന്നും എസ്റ്റിമേറ്റ് തയ്യാറാക്കി PWD - യ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്.<br>മാവേലിക്കര ഇലക്ട്രിക്കൽ സെക്ഷൻ - 22,49,991/- രൂപ കറ്റാനം ഇലക്ട്രിക്കൽ സെക്ഷൻ - 11,72,906/- രൂപ. |
| (ബി) | പ്രസ്തുത റോഡുകൾ ഉയർത്തി ചെയ്തപ്പോൾ റോഡും വൈദ്യുത ലൈനും തമ്മിൽ ഉള്ള അകലം കുറഞ്ഞതിനാൽ വാഹനങ്ങളിൽ വൈദ്യുത ലൈൻ സമ്പർക്കത്തിൽ വരാനുള്ള സാധ്യത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | പ്രസ്തുത റോഡുകൾ ഉയർത്തി ചെയ്തപ്പോൾ റോഡും വൈദ്യുത ലൈനും തമ്മിലുള്ള സുരക്ഷാ അകലം കുറഞ്ഞിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, PWD, ജില്ലാ കളക്ടർ തുടങ്ങിയവരെ അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത മേഖലകളിൽ അടിയന്തരമായി ഉയരമുള്ള വൈദ്യുത പോസ്റ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ആവശ്യമായ തുക അനുവദിക്കുമോ? | (സി) | എസ്റ്റിമേറ്റ് തുക അടയ്ക്കുന്ന മുറയ്ക്ക് ടി പ്രവൃത്തി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ